# ദീനീ പ്രവർത്തനത്തിന്റെ ഒരു പ്രധാന നിയമം

മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി

പ്രസാധനം
സയ്യിദ് ഹസനി അക്കാദമി
ദാറുൽഉലൂം ഓച്ചിറ,കൊല്ലം
Website: www.sayyidhasaniacademy.com

# കുറിപ്പ്

മൗലാനാ മുഹമ്മദ് മൻസൂർ നഅ്മാനി

നന്മകൾ ഉണ്ടാകുന്നതിനും നിലനിൽക്കുന്നതിനും വളരുന്നതിനും പ്രചരിക്കുന്നതിനും നന്മകളുടെ പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും വളരെയധികം ആവശ്യമാണ്. എന്നാൽ ഈ പ്രവർത്തന-പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടവർ തീവ്രതയിൽ നിന്നും അകന്ന് കഴിയാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കാരണം ഈ തീവ്രതയിലൂടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കുമിടയിൽ പരസ്പരം ശത്രുതയും വഴക്കുകളും നടക്കുന്നതും മറ്റുള്ളവരിൽ നന്മ ഉണ്ടാക്കുന്നത് പോകട്ടെ, സ്വന്തം നന്മകൾ നഷ്ടപ്പെടുകയും തിന്മകൾ വർദ്ധിക്കുകയും ചെയ്യുന്നതാണ്. ദൗർഭാഗ്യവശാൽ ഇന്ന് പലയിടങ്ങളിലും ഇത്തരം അവസ്ഥകൾ സംജാതമായിക്കൊണ്ടിരിക്കുന്നു.തീവ്രതയുടെ പേരിൽ ആദ്യം മറ്റ് പ്രവർത്തനങ്ങളെ എതിർക്കുന്നവർ പിന്നീട് കൂട്ടത്തിലുള്ളവരെയും കൂട്ടുകാരയും പോലും നിന്ദിക്കുകയും നിസാരപ്പെടുത്തുകുയം ചെയ്യുന്നതാണ്. ഇത്തരം അവസ്ഥാ വിശേഷങ്ങൾ പലയിടങ്ങളിലും കാണാൻ കഴിഞ്ഞ മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി അൽ ഫുർഖാൻ മാസികയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രൗഢമായ ഒരു ലേഖനം എഴുതുകയുണ്ടായി. ദീനീ പ്രബോധന പ്രവർത്തനങ്ങൾക്ക് ഖുർആൻ ഹദീസുകളിൽ പറയപ്പെട്ട അടിസ്ഥാന നിയമങ്ങളും പറയപ്പെടാത്ത ശാഖാ പരമായ കാര്യങ്ങളും ഉണ്ടെന്നും അടിസ്ഥാന വിഷയങ്ങളിൽ ഒരു മാറ്റവും സാധ്യമല്ലന്നും ശാഖാ പരമായ വിഷയങ്ങളിൽ മുൻഗാമികളുടെ മാതൃകകൾ മുന്നിൽ വെച്ച്കൊണ്ട് വിശാലമായ സമീപനം സ്വീകരിക്കാവുന്നതാണെന്നും ഇതിൽ ഉണർത്തുന്നു. അല്ലാഹു ഈ രചന സ്വീകരിക്കുകയും വിവിധ ദീനീ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവർക്ക് ഇതിനെ പ്രയോജനപ്പെടുത്താൻ സൗഭാഗ്യം നൽകുകയും ചെയ്യട്ടെ..!!

**Publishers**

**Sayyid Hasani Academy**

**Darul Uloom Islamiyya,**

**Oachira, Kollam, Kerala**

# ദീനീ പ്രവർത്തനത്തിന്റെ ഒരു പ്രധാന നിയമം

മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി

അന്ത്യ പ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി (സ) നമ്മോട് കൽപ്പിക്കുകയും നമുക്ക് പഠിപ്പിച്ച് തരികയും ചെയ്ത സന്ദേശങ്ങളെ രണ്ട് ഭാഗങ്ങളായി തിരിക്കാം. ഒന്ന് ചില കാര്യങ്ങളുടെ ആത്മാവും രൂപവും നമുക്ക് പഠിപ്പിച്ച് തരികയുണ്ടായി. ഉദാഹരണത്തിന് നമസ്കാരം,ഹജ്ജ്, വുളൂഅ് പോലുള്ള കാര്യങ്ങളുടെ രൂപവും ആത്മാവും റസൂലുല്ലാഹി (സ) മനസ്സിലാക്കിത്തന്നു. ഇവ രണ്ടിനും യാതൊരു മാറ്റവും വരുത്താൻ നമുക്ക് അനുവാദമില്ല. രണ്ട് റസൂലുല്ലാഹി (സ) ചില കാര്യങ്ങളുടെ ആത്മാവ് നമുക്ക് മനസ്സിലാക്കി തന്നെങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങൾ,സമുദായത്തിന്റെ വിശാലത എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിഗണിച്ച് കൊണ്ട് ധാരാളം നന്മകളുടെ അടിസ്ഥാനത്തിൽ അവയുടെ രൂപങ്ങൾ നിജപ്പെടുത്തിയില്ല. ഉദാഹരണത്തിന് അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദ്, അല്ലാഹുവിലേക്കുള്ള ദഅ്വത്ത്, ദീനീ വിജ്ഞാനം പ്രചരിപ്പിക്കൽ പോലുള്ള കാര്യങ്ങൾ കഴിവിന്റെ പരമാവധി നടത്തണമെന്ന് കൽപ്പിച്ചു. ഇവയെ പരിപൂർണ്ണമായി ഉപേക്ഷിക്കുന്നത് പാപകരമാണെന്ന് ഉണർത്തി. എന്നാൽ ഇവകൾ ഇങ്ങനെ തന്നെ വേണമെന്ന് ഒരു രൂപം നിജപ്പെടുത്തുകയുണ്ടായില്ല. വസ്ത്രവും മസ്ജിദുകളും ഇതേ ഗണത്തിൽ പെടുന്നതാണ്. പുരുഷൻമാരുടെ വസ്ത്രം ഞെരിയാണിയെക്കാൾ ഉയർന്നിരിക്കണം, മുട്ടിനെക്കാൾ താഴ്ന്നിരിക്കണം,അഹങ്കാരം പാടില്ല, പട്ട് പോലെ നിഷിദ്ധമായത് ആകരുത്.എന്നിങ്ങനെ നിബന്ധനകൾ ഉണ്ടെങ്കിലും ഈ രൂപത്തിൽ തന്നെയാകണം എന്ന് നിർബന്ധമില്ല. ഇതിൽ സമുദായത്തിന് വലിയ വിശാലതയുണ്ട്. ഇപ്രകാരം മസ്ജിദുകൾ നിർമ്മിക്കുകയും നന്മകളുടെ കേന്ദ്രമാക്കുകയും ചെയ്യണമെന്ന് കൽപ്പനയുണ്ടെങ്കിലും ഇന്ന രൂപത്തിലായിരിക്കണമെന്ന് നിബന്ധനയില്ല. അത് കൊണ്ട്

തന്നെ ലോകം മുഴുവൻ മസ്ജിദുകൾ പല നിലയിലാണ്. ഇന്ത്യയിൽ മസ്ജിദുകൾക്ക് രണ്ട് മിനാരങ്ങൾ ഉണ്ടായിരിക്കും. മൊറോക്കയിലും അൽജീരയയിലും ഒരു മിനാരം മാത്രമേ ഉള്ളു. ചില സ്ഥലങ്ങളിൽ മിനാരം തന്നെയില്ല. പ്രഥമ മസ്ജിദായ കഅ്ബാ ശരീഫിൽ മിനാരമില്ല.

ഇനി നമ്മുടെ വിഷയമായ ദീനീ പരിശ്രമത്തിലേക്ക് വരിക. ഓരോരുത്തരും അവരവരുടെ കഴിവ് അനുസരിച്ച് ദീനീ സേവന പ്രബോധന പ്രവർത്തനങ്ങൾ നടത്തണമെന്നും നന്മകൾ ഉപദേശിക്കുകയും തിന്മകൾ തടയുകയും വേണമെന്നും പരിശുദ്ധ ഖുർആനും പുണ്യ ഹദീസുകളും ധാരാളമായി ഉണർത്തിയിരിക്കുന്നു. പക്ഷെ അത് ഇന്ന രൂപത്തിലായിരിക്കണമെന്ന് നിജപ്പെടുത്തുകയോ നിർബന്ധിക്കുകയോ ചെയ്തിട്ടില്ല. ഒറ്റക്കും കൂട്ടായിട്ടും പ്രഭാഷണത്തിലൂടെയും,രചനകളിലൂടെയും രഹസ്യമായും പരസ്യമായും ഇത് നിർവഹിക്കാവുന്നതാണ്. നൂഹ് നബി (അ) യെ കുറിച്ച് പരിശുദ്ധ ഖുർആൻ ഇക്കാര്യം വിശദമായി വിവരിച്ചിട്ടുണ്ട്: നൂഹ് നബി പറഞ്ഞു: രക്ഷിതാവേ, ഞാൻ എന്റെ സമുദായത്തെ രാവുംപകലും ദഅ്വത്ത് ചെയ്തു. പക്ഷേ, എന്റെ ക്ഷണം അവരെ കൂടുതൽ അകറ്റുകയാണുണ്ടായത്. നീ അവർക്ക് പൊറുത്തുകൊടുക്കാൻ വേണ്ടി ഞാൻ അവരെ ക്ഷണിച്ചപ്പോഴെല്ലാം അവരുടെ കാതുകളിൽ അവർ വിരലുകൾ വെയ്ക്കുകയും അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതയ്ക്കുകയും അവർ ശഠിച്ച് നിൽക്കുകയും അങ്ങേയറ്റം അഹങ്കരിക്കുകയും ചെയ്തു. ശേഷവും ഞാൻ അവരെ ഉറക്കെ ക്ഷണിച്ചു.പിന്നീട് ഞാൻ അവരിൽ പരസ്യമായും രഹസ്യമായും പ്രബോധനം ചെയ്തു.(നൂഹ് 5-9) ചുരുക്കത്തിൽ ദീനീ പ്രബോധന പ്രവർത്തനങ്ങൽ നടത്തുന്ന ഓരോ ആളുകൾക്കും സംഘങ്ങൾക്കും ഇസ്ലാമിക വിധിവിലക്കുകൾക്കുള്ളിൽ നിന്ന് കൊണ്ട് പ്രയോജനപ്രദവും അനുയോജ്യവുമായ ഏതു രൂപവും തിരഞ്ഞെടുക്കാൻ അനുവാദമുണ്ട്. ഇസ്ലാമികമായി തെറ്റായ ഒരു കാര്യം അതിൽ ഉണ്ടാകാത്ത പക്ഷം അതിനെ എതിർക്കാൻ ആർക്കും അനുവാദമില്ല. തെറ്റായ കാര്യം കാണപ്പെട്ടാൽ അതിനെ തിരുത്താൻ പരിശ്രമിക്കാവുന്നതാണ്.

ഇക്കാലഘട്ടത്തിൽ ദീനീ പ്രവർത്തനങ്ങൾ നടത്തുന്നവർക്കിടയിൽ പോലും വലിയൊരു അബദ്ധം പ്രചരിച്ച് കൊണ്ടിരിക്കുന്നു. ചിലർ രണ്ട് രൂപങ്ങളെയും കൂട്ടിക്കുഴക്കുമ്പോൾ മറ്റ് ചിലർ ഒന്നാം വിഭാഗത്തിന് രണ്ടിന്റെ സ്ഥാനവും രണ്ടാം വിഭാഗത്തിന് ഒന്നിന്റെ സ്ഥാനവും നൽകുന്നു. ഇത് കാരണം പല പ്രശ്നങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ധാരാളം സംഘടനകളിലും സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും പലതരം വഴക്കുകൾ വർദ്ധിക്കുന്നു. ഈ രണ്ട്

വിഭാഗങ്ങളെയും അവയുടെ സ്ഥാനങ്ങളെയും ശരിയായ നിലയിൽ മനസ്സിലാക്കുകയും ഉൾകൊള്ളുകയും ചെയ്താൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ സാധിക്കുന്നതാണ്. ഇക്കാര്യം യഥാവിധി അംഗീക രിക്കുന്ന വ്യക്തികൾക്ക് ആത്മാർത്ഥമായ നിലയിൽ ഏതെങ്കിലും ദീനീ പ്രവർത്തനങ്ങളും സ്ഥാപനങ്ങളും നടത്തുന്നവരെ ഒരിക്കലും നിന്ദിക്കാനും തരം താഴ്ത്താനും സാധിക്കുന്നതല്ല.

എന്നാൽ ദീനീ പ്രബോധന പ്രവർത്തനങ്ങളിൽ ചിലത് കൂടുതൽ പ്രയോജനകരമാണെന്ന് ചിലർ അവരവരുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സമർത്ഥിക്കാറുണ്ട്. ദീനിന്റെ നിയമങ്ങൾക്കും മുൻഗാമികളുടെ മാതൃകക്കും വിരുദ്ധമല്ലങ്കിൽ അവർക്ക് അതിന് അവ കാശമുണ്ട്. പക്ഷെ ഇതിന്റെ പേരിൽ ശരീഅത്ത് നിയമങ്ങൾ പാലിച്ച് കൊണ്ട് ഇതര ശൈലികളിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളെയും പ്രസ്ഥാനങ്ങളെയും നിന്ദിക്കാനും നിസാരപ്പെടുത്താനും അവർക്ക് അനുവാദമില്ല. ദീനീ സേവന പ്രബോധന പ്രവർത്തനങ്ങളുടെ പ്രവി ശാലമായ കവാടങ്ങളെ പരിമിതപ്പെടുത്തുന്നതും ഞെരുക്കുന്നതും കുറ്റകരമാണെന്ന് ഓർക്കുക.

പ്രബോധന പ്രവർത്തനങ്ങൾക്ക് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന് അതിന്റെ ആത്മാവുമായി ബന്ധപ്പെട്ട കാര്യം. നാമെല്ലാവരും നന്നാവുക യും ഇരു ലോകത്തും വിജയിക്കുകയും ചെയ്യണമെന്ന അതിയായ നി ഷ്കളങ്ക ആഗ്രഹമാണ് പ്രബോധനത്തിന്റെ ആത്മാവ്. രണ്ട് അതിന്റെ മാർഗ്ഗങ്ങളാണ്. പരിശുദ്ധ ഖുർആൻ ,തിരുസുന്നത്ത്,സഹാബാ ജീവിതം എന്നിവയുടെ വെളിച്ചത്തിൽ ഇതിൽ ധാരാളം വിശാലതകൾക്ക് സാധ്യതയുണ്ട്.ഏതെങ്കിലുമൊരു രൂപത്തെ കുറിച്ച് എല്ലാ സ്ഥലങ്ങ ളിലും ഒരുപോലെ നിർബന്ധം പിടിക്കുന്നത് ശരിയല്ല. ഇസ്ലാമിന്റെ ഏറ്റവും വലിയ പ്രത്യേകതയും എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ട് പിടിച്ച കാര്യവുമാണ് മധ്യമരീതി. മഹാൻമാരായ നബി മാരിൽ ഈ ഗുണം സംബൂർണ്ണമായി കാണപ്പെട്ടിരിന്നു. ദീനീ സേവന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്ന ഓരോരുത്തരും ഇത് ഉണ്ടാക്കിടയെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓരോ കാല ഘട്ടത്തെയും സ്ഥലത്തേയും സാഹചര്യത്തേയും മുന്നിൽ വെച്ച് കൊണ്ട് ഓരോ മഹാൻമാർ പ്രബോധന പ്രവർത്ത നങ്ങൾക്ക് ഓരോ രൂപങ്ങൾ കണ്ടെത്തുന്നതാണ്. ഈ രൂപം ആ കാലത്തേക്ക് തീർത്തും അനുയോജ്യമായിരിക്കും എന്നാൽ **50** വർ ഷങ്ങൾക്ക് ശേഷം അറിവും ബോധവുമുള്ള മറ്റ് ചില മഹത്തുക്കൾ കൂടുതൽ പഠനങ്ങൾക്കും ആലോചനകൾക്കും ശേഷം മറ്റൊരു രൂപം

കൊണ്ട് വരുന്നത് കൊണ്ട് യാതൊരു കുഴപ്പവുമില്ല. ഇത്തരുണത്തിൽ നമ്മുടെ പഴയ മഹാൻമാർ പറഞ്ഞത് മാത്രമാണ് ശരി എന്ന് പറയുന്നത് വെറും ദുർവാശി മാത്രമാണ്. ചിലരാകട്ടെ കൂടുതൽ തീവ്രത കാട്ടുകയും പഴയ മഹാൻമാരുടെ ശൈലിയിൽ അല്ലാത്തതെല്ലാം അനാവശ്യവും തെറ്റുമാണെന്ന് വാദിക്കാറുമുണ്ട്. ഇത്തരം വാദങ്ങൾ നബിമാരുടെ മധ്യമ രീതിക്ക് വിരുദ്ധവും അത്യന്തം അപകടകരവുമാണ്. ഇത്തരം ചിന്താഗതികളാണ് വിവിധ മതങ്ങളെയും വിഭാഗങ്ങളെയും സ്രിഷ്ടിക്കുന്നത്.

യഥാർത്ഥത്തിൽ ഓരോ മഹാൻമാരും അവരുടെ സാഹചര്യങ്ങളും അവസ്ഥകളും മുന്നിൽ വെച്ച് ദീനീ പ്രബോധനത്തിന് ഒരു മാർഗ്ഗം കണ്ടെത്തുന്നു. അത് പ്രയോജനകരമായി അനുഭവപ്പെടുന്ന കാലങ്ങളിലും സ്ഥലങ്ങളിലും അത് അനുകരിക്കപ്പെടാവുന്നതാണ്. എന്നാൽ മുഴുവൻ കാലത്തും സ്ഥലത്തും അത് മാത്രമേ പാടുള്ളു എന്ന് വാദിക്കുന്നതിലൂടെ പുതിയ ഒരു ആചാരം മാത്രമല്ല അനാചാരം തന്നെ ഉണ്ടാകുന്നതും പലപ്പോഴും അത് പുതയ ഒരു മതമായി രൂപാന്തരപ്പെടുന്നതുമാണ്. ഇത്തരുണത്തിൽ ഇതിനെ തിരുത്താനും ശരിയായ ലക്ഷ്യത്തിലേക്കും മാർഗ്ഗത്തിലേക്കും കൊണ്ട് വരാനും പരിശ്രമിക്കേണ്ടത് റബ്ബാനികളായ പരിഷ്കർത്താക്കളുടെ പ്രധാന ബാധ്യതയാണ്. രൂപവും യാഥാർത്ഥ്യവും സുന്നത്തും ബിദ്അത്തും നിർബന്ധവും അനുവദനീയവും തിരിച്ചറിയേണ്ടത് ദീനീ സേവനവുമായി ബന്ധപ്പെട്ടവരുടെ പ്രഥമ ബാധ്യതയാണ്. അതെ, ഇത് തിരിച്ചറിഞ്ഞില്ലെങ്കിൽ ദീനിന് പകരം ദീനില്ലായ്മ ഉണ്ടായിത്തീരുന്നതാണ്.

മഹാൻമാരായ നബിമാർ അല്ലാഹുവിന്റെ സഹായത്തോടെ രണ്ട് പ്രവർത്തനങ്ങളാണ് നടത്തിയത്. ഒന്നാമതായി അവർ നിഷേധത്തേയും പാപങ്ങളെയും നേരിട്ടു. രണ്ടാമതായി ജീവനില്ലാത്ത ചടങ്ങുകളെ ഇല്ലാതാക്കി. ഒന്നാമത്തേത് സത്യത്തിന്റെ പുറത്ത് നിന്നുള്ള ശത്രുക്കളാണെങ്കിൽ രണ്ടാമത്തേത് ചിതല് പോലെ അകത്ത് നിന്നും ഉണ്ടാകുന്ന അക്രമങ്ങളാണ്. ഇത് കാരണം വിശ്വാസവും ആരാധനകളും എല്ലാം വെറും ചടങ്ങും ആചരങ്ങളുമായി മാറുന്നതാണ്. പിശാചിന്റെയും മനസ്സിന്റെയും കുതന്ത്രങ്ങളെ തടയാൻ അതിൽ യാതൊരു ശക്തിയും ഉണ്ടാകുന്നതല്ല. ഈ ആചാര രീതികൾ വ്യക്തികൾക്ക് ഉണ്ടാകുന്നത് പോലെ സമൂഹങ്ങൾക്കും സംഘടനകൾക്കും ബാധിക്കുന്നതാണ്. ഇവിടെയാണ് പരിഷ്കർത്താക്കളായ മഹത്തുക്കൾ രംഗപ്രവേശനം ചെയ്യുന്നത്. അവർ ആചാരങ്ങളെ ശക്തമായി പ്രഹരിക്കുകയും മനസ്സിലെ മാലിന്യങ്ങൾ ദൂരീകരിക്കുന്നതും സമുദായത്തെ

രൂപത്തിൽ നിന്നും യാഥാർത്ഥത്തിലേക്കും ആചാര ചടങ്ങുകളിൽ നിന്നും ഈമാൻ ഇഹ്തിസാബുകളിലേക്കും നയിക്കുന്നതുമാണ്. ഇസ്‌ലാമിലെ നവോത്ഥാന നായകരായ മഹത്തുക്കളെ കുറച്ച് പഠിച്ചാൽ അവരുടെ പ്രധാന പ്രവർത്തനം തന്നെ ഈ രണ്ടാമത്തെ കാര്യമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. പക്ഷെ നവോത്ഥാന പരിഷ്കരണ പ്രവർത്തനങ്ങളുടെ ചരിത്രങ്ങളിലെല്ലാം ദുഖകരമായ ഒരു ദുരന്തവും അരങ്ങേറിയിട്ടുണ്ട്. അതെ, ആചാര ചടങ്ങുകളെ ഇല്ലാതാക്കാൻ വേണ്ടി മുന്നിട്ടിറങ്ങിയ മഹാൻമാരുടെ പിൻഗാമികളിൽ പലരും ഇതേ ആചാര ചടങ്ങുകളുടെ വക്താക്കളും പ്രയോക്താക്ക ളുമായി മാറുകയും അവരിൽ തന്നെ പുതിയൊരു പരിശ്രമത്തിന്റെ ആവശ്യകത സംജാതമാവുകയും ചെയ്തു.!!!

ഇവിടെ അൽപ്പം സൂക്ഷമമായ ഒരു കാര്യം കൂടി നാം മനസ്സിലാ ക്കുക. നബി (പ്രവാചകൻ) മുജദ്ദിദ് (പരിഷ്കർത്താവ് ) ഇരുവർക്കു മിടയിൽ വലിയൊരു അന്തരമുണ്ട്. നബി പറഞ്ഞ കാര്യങ്ങളിൽ ഒരു വിട്ട് വീഴ്ചയും കൂട്ടിക്കുറക്കലും സാധ്യമല്ല. പടച്ചവന്റെ പൊരുത്തവും പരലോക മോക്ഷവും പ്രവാചകൻ കൽപ്പിച്ച കാര്യത്തിൽ മാത്രമാണ്. എന്നാൽ മുജദ്ദിദുകളുടെ കാര്യം അങ്ങനെയല്ല. കാരണം പ്രവാചകൻ അല്ലാഹുവിന്റെ സൂക്ഷമമായ മേൽ നോട്ടത്തിൽ സർവ്വ മേഘലകളെ യും സംമ്പൂർണ്ണമായി കൈകാര്യം ചെയ്യുന്ന വ്യക്തിത്വമാണ്. മുജദ്ദി ദാകട്ടെ പ്രവാചക മഹചരിതത്തെ മുന്നിൽ വെച്ച് കൊണ്ട് ഒരു ചില കാര്യങ്ങളെ മാത്രം ശ്രദ്ധിക്കുന്നവരാണ്. ഒരു മുജദ്ദിദ് ദീനീ ത്യാഗങ്ങൾ പ്രേരിപ്പിക്കുന്നു. മറ്റൊരു മുജദ്ദിദ് ദാനങ്ങൾ പഠിപ്പിക്കുന്നു. വേറൊരു മുജദ്ദിദ് ബന്ധങ്ങളും ഇടപാടുകളും സ്വഭാവങ്ങളും നന്നാക്കുന്നു. ചു രുക്കത്തിൽ നബിമാരിൽ പരിപൂർണ്ണമായി വിശ്വസിക്കലും നബിയെ മാത്രം പിൻപറ്റലും ഇരുലോക മോക്ഷത്തിന് നിർബന്ധമാണ്. മുജ ദ്ദിദുകളെ പിൻപറ്റുന്നത് വളരെ നല്ലതാണ് പക്ഷെ മോക്ഷത്തിന്റെ നിബന്ധനയല്ല.

അവസാനമായി ഒരു കാര്യം കൂടി മനസ്സിലാക്കുക. അന്ത്യപ്രവാ ചകൻ മുഹമ്മദുർറസൂലുല്ലാഹി (സ)യുടെ സമുദായം എണ്ണത്തിലും വണ്ണത്തിലും സ്ഥലകാലങ്ങളിലും വളരെ വിശാലതയുള്ള ഒരു ജന സഞ്ചയമാണ്. വിഭാഗങ്ങൾ,ചിന്താ രീതികൾ, അവസ്ഥാ വിശേഷ ങ്ങൾ തുടങ്ങി പല കാര്യങ്ങളിലും വൈവിദ്യങ്ങൾ നിറഞ്ഞ ഒരു സമുദായമാണിത്. അത് കൊണ്ട് തന്നെ സമുദായത്തിലെ മുഴുവൻ വിഭാഗങ്ങളിലും മാറ്റമുണ്ടാക്കാനും ആവശ്യമായതെല്ലാം നൽകാനും ഞങ്ങൾ മാത്രം മതി എന്ന് ഒരു പ്രസ്ഥാനത്തിനും പ്രവർത്തനത്തിനും

വാദിക്കാൻ അവകാശമില്ല. പ്രബോധനത്തിന്റെ മാധ്യമത്തെ മാത്രം എടുക്കുക. ചിലരിൽ പ്രഭാഷണവും മറ്റു ചിലരിൽ രചനകളും വേറേ ചിലരിൽ ഇതര മാധ്യമങ്ങളുമാണ് പ്രയോജനപ്പെടുന്നത്. അത് കൊണ്ട് എല്ലാവരിലും സർവ്വകാലത്തും മുഴുവൻ സാഹചര്യങ്ങളിലും ഒരു മാർഗ്ഗം തന്നെ വിജയിക്കുക സാധ്യമല്ല. ഈ ഒരു യാഥാർത്ഥ്യം മനസ്സിലാക്കുകയും ഉൾകൊള്ളുകയും ചെയ്യാത്തതിന്റെ പേരിലാണ് പലർക്കും വലിയ തെറ്റുകൾ സംഭവിക്കുന്നത്. ധാരാളം പ്രബോധ കൻമാരുടെ പ്രവർത്തനങ്ങൾ വളരെയധികം വിലമതിക്കപ്പെടേണ്ടത് തന്നെയാണ്. പ്രവർത്തകരിൽ പലരും വളരയധികം നിഷ്കളങ്കരുമാണ്. പക്ഷെ അവർ ചെയ്യുന്ന പ്രവർത്തനങ്ങളെ മറ്റുള്ളവർ ആദരിക്കുന്നത് കൊണ്ട് മാത്രം അവർ സംതൃപ്തരാവുകയില്ല. എല്ലാവരുടേയും മറ്റ് പ്രവർത്തനങ്ങളെല്ലാം മാറ്റിവെച്ച് അവർ ചെയ്യുന്നത് മാത്രം ചെയ്താൽ മതിയെന്ന് അവർ നിർബന്ധം പിടിക്കുന്നു. എന്നാൽ ഇത് ഇസ്‌ലാമിക പ്രബോധന സേവന പ്രവർത്തനങ്ങളുടെ വിശാലമായ ശൈലിക്ക് തീർത്തും വിരുദ്ധമാണ്. ഓരോരുത്തരും അവരവർക്ക് കഴിയുകയും നന്നായി മനസ്സിലാക്കുകയും ചെയ്തിട്ടുള്ള പ്രവർത്തനത്തിൽ മുഴുകി കഴിയുന്നതിനോടൊപ്പം മറ്റുള്ളവരുടെ പ്രവർത്തിനങ്ങളെ ആദരിക്കു കയും കഴിയുന്നത്ര സഹായിക്കുകയും ചെയ്യുക എന്നതാണ് ഇസ്‌ലാ മിന്റെ പാഠം. ഇത് പടച്ചവന്റെ അതി മഹത്തായ ഒരു സജ്ജീകരണം കൂടിയാണ്. ചിലർ ഈ വഴിയിലൂടെയും മറ്റ് ചിലർ ആ വഴിയിലൂടെയും ദീനമായിട്ട് അടുക്കുന്നു. ആകയാൽ ഓരോരുത്തരും അവരവർക്ക് അനുയോജ്യമായ ദീനീ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുക. നന്മ യുടെ ഇതര പ്രവർത്തനങ്ങളെ സേവിക്കുകയും സ്നേഹിക്കുകയും ചെയ്യുക. ഇതിലൂടെ നന്മ ചെയ്യുന്നതിനും തിന്മ വർജിക്കുന്നതിനും പരസ്പരം സഹകരിക്കുക എന്ന മഹത്തായ ഗുണം ഉൾകൊള്ളാൻ സാധിക്കുന്നതാണ്. അല്ലാഹു അനുഗ്രഹിക്കട്ടെ.!!!!